(ഡി) പഴകിയതും പൊട്ടിയതുമായ പൈപ്പുലൈനുകൾ മാറ്റി സ്ഥാപിക്കുവാനും, പൊതുജലവിതരണ ശൃംഖലകളിൽ റസിഡ്യുയൽ ക്ലോറിനേഷൻ നടത്തുവാനും ജലസേചന വകുപ്പിന് നിർദ്ദേശം നൽകാറുണ്ട്.

(ഇ) പകർച്ചവ്യാധികൾ തടയുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾക്കുമായി നാഷണൽ ഡിസീസ് സർവയിലൻസ് പ്രോഗ്രാമിന്റെ ഭാഗമായി ഒരു സർവയിലൻസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. എപ്പിഡമിക് കൺട്രോൾ സെൽ സംവിധാനം ഇപ്പോൾതന്നെ ഓരോ ജില്ലയിലും പ്രവർത്തിക്കുന്നുണ്ട്. ഒരു പ്രത്യേക കാലയളവിൽ കമ്മിറ്റി കൂടി രോഗത്തിന്റെ അതാതു സമയത്തുള്ള നില മനസ്സിലാക്കുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കോട്ടയം ജില്ലയിൽ ഒരു കാർഡ് റിപ്പോർട്ടിംഗ് സിസ്റ്റം പ്രവർത്തിച്ചുവരുന്നു. ആലപ്പുഴയിലും ഇത് ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(എഫ്&ജി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭദിശയിലാണ്.

(എച്ച്) സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന പകർച്ചവ്യാധി ഫലപ്രദമായി തടയുന്നതിന് എല്ലാ മുൻകരുതൽ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. വായുവിൽ കൂടി പകരുന്ന രോഗങ്ങൾ തടയാൻ രോഗപ്രതിരോധ കുത്തിവയ്പുകൾ കുട്ടികൾക്ക് നിർബന്ധമായും നൽകാനുള്ള നടപടികൾ സ്വീകാര്യമാക്കി. പോളിയോ, മഞ്ഞപിത്തം, വയറിളക്കരോഗങ്ങൾ എന്നിവ തടയുന്നതിന് ആഹാരസാധനങ്ങൾ വൃത്തിയായി കൈകാര്യം ചെയ്യുകയും വ്യക്തിശുചിത്വം പാലിക്കുകയും ശുദ്ധജലം അല്ലെങ്കിൽ തിളപ്പിച്ചാറ്റിയ ജലം കുടിക്കുകയും ചെയ്യുന്നത് ശീലിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കാൻ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വെക്ടർ വഴി പകരുന്ന രോഗങ്ങളായ മലേറിയ, മന്ത്, എലിപ്പനി എന്നിവ തടയുന്നതിന് വെക്ടറിനെ നിയന്ത്രിക്കുന്നതിനും കൊതുകുകളെയും കൂത്താടികളെയും നശിപ്പിക്കുന്നതിന് മാർഗ്ഗങ്ങളുപയോഗിക്കുന്നുണ്ട്. എലിനശീകരണ പദ്ധതികളും നടപ്പിലാക്കി വരുന്നു.

റേഷൻ സാധനങ്ങളുടെ അളവും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിന് നടപടി

13(*10) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എളമരം കരീം :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ അളവും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) റേഷൻ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) റേഷൻ കടകളിൽകൂടി വിതരണം ചെയ്യുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് എഫ്.സി.ഐ മുഖേന വിതരണം ചെയ്യുന്ന അരി ഗുണമേന്മ കുറഞ്ഞതാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതു പരിഹരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വെളിപ്പെടുത്തുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ ചന്ദ്രശേഖരൻനായർ) : സർ,

(എ&ബി) സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ അളവും ഗുണമേന്മയും ഉറപ്പാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ താഴെ പറയുന്നു.

(i) ഓരോ ആഴ്ചയും വിതരണത്തിനായി എഫ്.സി.ഐ.യിൽ നിന്നും എടുക്കുന്ന അരി അതതു ജില്ലാ സപ്ലൈ ആഫീസർമാർ. എഫ്.സി.ഐ.യുടെ ജില്ലാ മാനേജർമാർ, ഗുണനിലവാര ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്ന ടീം പരിശോധിച്ച് തീരുമാനിക്കുന്നു. ഗുണനിലവാരം ഉറപ്പുവരുത്തിയ അരിയുടെ സാമ്പിൾ സീൽ ചെയ്ത് ബന്ധപ്പെട്ട ഹോൾസെയിൽ ഡിപ്പോയ്ക്ക് നൽകാറുണ്ട്. നല്ല സ്റ്റോക്കു തന്നെ വിതരണം ചെയ്യുന്നുവെന്ന് ഇപ്രകാരം ഉറപ്പുവരുത്തുന്നു.

(ii) ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യ സാധനങ്ങൾ വിതരണത്തിന് തെരഞ്ഞെടുക്കരുതെന്ന് എല്ലാ ജില്ലാ സപ്ലൈ ആഫീസർമാർക്കും, പ്രസ്തുത സ്റ്റോക്ക് എടുക്കരുതെന്ന് റേഷൻ മൊത്ത വ്യാപാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ പരിശോധനയും നടത്തിവരുന്നു.

(iii) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളിൽ തൂക്കകുറവ് ഉണ്ടാക്കാതിരിക്കുന്നതിന് പരിശോധന വിഭാഗം കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ റേഷനിംഗ് കൺട്രോളർ. മേഖലാടിസ്ഥാനത്തിൽ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ ജില്ലാടിസ്ഥാനത്തിൽ ജില്ലാ സപ്ലൈ ഓഫീസർമാർ/ താലൂക്ക്/സിറ്റി തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർമാർ/സിറ്റി റേഷനിംഗ് ഓഫീസർമാർ, ഫീൽഡ് തലത്തിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവർക്ക് റേഷൻ ഡിപ്പോകൾ പരിശോധിക്കുന്നതിന് പ്രത്യേകം ടാർജറ്റ് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ കൊല്ലം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ കേന്ദ്രങ്ങൾ ആസ്ഥാനമാക്കി ലബോറട്ടറി സൗകര്യങ്ങൾ ഉൾപ്പെടെയുള്ള നാല് മൊബൈൽ പരിശോധനാ യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചില സ്ഥലങ്ങളിൽ എഫ്.സി.ഐ. സ്റ്റോക്കു ചെയ്തിട്ടുള്ള അരിയിൽ ഗുണമേന്മ കുറഞ്ഞതും ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എഫ്.സി.ഐ.യിൽ നിന്നും വിതരണത്തിനായി എടുക്കുന്ന അരി അതാതു ജില്ലാസപ്ലൈ ഓഫീസർമാർ. എഫ്.സി.ഐ.യുടെ ബന്ധപ്പെട്ട ജില്ലാ മാനേജർമാർ, ഗുണനിലവാര വിഭാഗം ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ സംഘം പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നു. ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യരുതെന്ന് എഫ്.സി.ഐ.യ്ക്കും അത്തരത്തിലുള്ള അരി വിതരണത്തിനായി തെരഞ്ഞെടുക്കരുതെന്ന് റേഷൻ മൊത്ത വ്യാപാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ കോളറബാധ തടയുവാൻ നടപടി

14(*11) ശ്രീ കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ആർ. ലതാദേവി :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സപോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം കോളറ പടർന്നുപിടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കോളറ ബാധിച്ച് എത്രപേർ ഇതിനകം മരണമടഞ്ഞു ; എത്രപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട് ;

(സി) കോളറബാധ തടയുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസംഘം സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ ; എങ്കിൽ ഈ സംഘത്തിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) കോട്ടയം ജില്ലയിലെ കുറിച്ചി, കുമരകം, പാറംപുഴ, കറുകച്ചാൽ, വെമ്പള്ളി, ഇടയാഴം, പേരൂർ, നാടാശ്ശേരി, ചങ്ങനാശ്ശേരി, വൈക്കം, കല്ലറ, എന്നീ ഭാഗങ്ങളിലാണ് ഛർദ്ദി, വയറിളക്കരോഗങ്ങൾ പടർന്നുപിടിച്ചത്.

(ബി) 2-1-2000 മുതൽ 15-2-2000 വരെയുള്ള കാലയളവിൽ വയറിളക്ക രോഗം ബാധിച്ച് 9 പേർ മരണമടഞ്ഞിട്ടുണ്ട്. വയറിളക്കരോഗം ബാധിച്ച് 912 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

(സി) കുടിവെള്ളം തിളപ്പിച്ചും മറ്റും ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിനും, ആഹാരസാധനങ്ങൾ പാകം ചെയ്തും രോഗാണുബാധയുണ്ടാകാതെ അടച്ചുവച്ച് ഉപയോഗിക്കുന്നതിനുമുള്ള ബോധവൽക്കരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പു തലത്തിൽ മെഡിക്കൽ ഓഫീസർമാരുടേയും, സൂപ്പർവൈസർമാരുടേയും മീറ്റിംഗുകൾ സംഘടിപ്പിച്ച് പ്രതിരോധ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly